LIBRARY ARCHIVES Kerala Legislative Assembly

## ബാക്ടീരിയ ഉപയോഗിച്ചുള്ള ഖരമാലിന്യ സംസ്കരണം

92 [810] ശ്രീ. എഴുകോൺ നാരായണൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ടി. എൻ. പ്രതാപൻ:
„ എൻ. ഡി. അപ്പച്ചൻ:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ എത്രയെണ്ണം ബാക്ടീരിയ ഉപയോഗിച്ച് ഖരമാലിന്യ സംസ്കരണം നടത്തുന്നുണ്ട്;

(ബി) ഇപ്രകാരം ഖരമാലിന്യ സംസ്കരണം ഒരു പ്രാവശ്യം നടത്തുന്നതിനാവശ്യമായ സമയ ദൈർഘ്യം എത്രയാണ്;

(സി) ഏതെല്ലാം ബാക്ടീരിയ ഉപയോഗിച്ചാണ് ഖരമാലിന്യ സംസ്കരണം നടത്തുന്നത്;

(ഡി) ബാക്ടീരിയ ഉപയോഗിച്ചുള്ള ഖരമാലിന്യ സംസ്കരണം മുഖാന്തിരം ലഭിക്കുന്ന വളം കൃഷിക്കുപയോഗിക്കുന്നതിന് എന്തെങ്കിലും ന്യൂനതയുണ്ടോ എന്ന് പഠനം നടത്തിയിട്ടുണ്ടോ;

(ഇ) വിവിധ രാജ്യങ്ങളിൽ മൈക്രോ ബയോളജി കൺസൾട്ടന്റായി പ്രവർത്തിച്ചിട്ടുള്ള ഡോ. ജോസ് പി. മാത്യു 3-10-2001-ൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ഒരു തദ്ദേശ ഭരണ സ്ഥാപനത്തിലും ബാക്ടീരിയ ഉപയോഗിച്ച് ഖരമാലിന്യ സംസ്ക്കരണം നടത്തുന്നില്ല.

(ബി—ഡി) ബാധകമല്ല.

(ഇ) നിവേദനം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കൊക്കകോള കമ്പനി പെരുമാട്ടി ഗ്രാമപഞ്ചായത്തിന് നൽകിയ ഉറപ്പുകൾ

93 [811] ശ്രീ. വി. ബാലറാം:
„ തിരുവഞ്ചൂർ മാധാകൃഷ്ണൻ :
„ സി. പി. മുഹമ്മദ്:
„ പി. ജെ. ജോയി:
„ ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊക്കകോള കമ്പനിയുടെ പ്ലാച്ചിമടയിൽ സ്ഥാപിച്ചിട്ടുള്ള ഫാക്ടറിക്ക് അനുമതി നൽകിയപ്പോൾ ബന്ധപ്പെട്ട പെരുമാട്ടി ഗ്രാമപഞ്ചായത്തിന് എന്തെല്ലാം വിധത്തിലുള്ള ഉറപ്പുകൾ കമ്പനി നൽകുകയുണ്ടായി;

(ബി) ഈ ഉറപ്പുകൾ കമ്പനി പാലിച്ചിട്ടുണ്ടോ;

(സി) ഇല്ലാത്തപക്ഷം പ്രസ്തുത കമ്പനിക്കെതിരെ എന്തെല്ലാം നടപടികളെടുത്തു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രത്യേക ഉറപ്പുകളൊന്നും നൽകി കാണുന്നില്ല.

(ബി) ബാധകമല്ല.

(സി) കമ്പനി അമിതമായി ജലചൂഷണം നടത്തുകയും തൽഫലമായി സമീപ പ്രദേശങ്ങളിലെ ജലവിതാനം താഴുകയും പരിസ്ഥിതി പ്രശ്നങ്ങൾ സംജാതമാവുകയും ചെയ്യുന്നതായി പഞ്ചായത്തിനു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ ലൈസൻസ് പഞ്ചായത്ത് റദ്ദ് ചെയ്തു. ബഹു. കേരള ഹൈക്കോടതിയുടെ റിട്ട് അപ്പീലിന്റെ ഇടക്കാല വിധിയുടെ അടിസ്ഥാനത്തിൽ കമ്പനി ഇപ്പോൾ പ്രവർത്തിച്ചു വരുന്നു.

പട്ടയമില്ലാത്ത ഭൂമിയിൽ വർഷങ്ങളായി താമസിക്കുന്നവർക്ക് വീട്ടുനമ്പർ അനുവദിക്കാൻ നടപടി

94 [812] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ പട്ടയമില്ലാത്ത ഭൂമിയിൽ വർഷങ്ങളായി താമസിക്കുന്ന വർക്ക് റേഷൻ കാർഡ് ലഭിക്കുന്നതിന് താൽക്കാലിക വീട്ടുനമ്പർ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ ഉദുമ, ചെങ്കള, ചെമ്മനാട്, കുമ്പള, പടന്ന, പള്ളിക്കര എന്നീ ഗ്രാമപഞ്ചായത്തുകളിലെ പുറമ്പോക്ക് ഭൂമിയിൽ കുടിൽ കെട്ടി താമസിക്കുന്ന വർക്ക് വീട്ടുനമ്പർ നൽകുന്നതിനുള്ള ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കി താൽക്കാലിക വീട്ടുനമ്പർ നൽകിയിട്ടുണ്ട്. എന്നാൽ അജാനൂർ, ചെറുവത്തൂർ ബളാൽ, മംഗൽപാടി, മുളിയാർ, മൊഗ്രാൽപുത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലേയും കാസർഗോഡ്, കാഞ്ഞങ്ങാട് നഗരസഭകളിലേയും പുറമ്പോക്ക് ഭൂമിയിൽ കുടിൽ കെട്ടി താമസിക്കുന്നവർക്ക് താൽക്കാലിക വീട്ടുനമ്പർ നൽകുന്നതിനുള്ള സംയുക്ത പരിശോധന പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly